**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4001** **27-10-2021 - ൽ മറുപടിയ്ക്ക്**

**അനുമതി ലഭിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2017 മെയ് 31 ന് മുമ്പ് നിർമ്മിച്ച സാങ്കേതികമായി അനുമതി ലഭിക്കാത്ത കെട്ടിടങ്ങൾ നിയമപരമായി ക്രമവൽക്കുന്നതിനായുള്ള G.O(P).No.12/2018/LSGD. നമ്പർ ഉത്തരവിന്റെ കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | G.O(P).No.12/2018/LSGD. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് 2017 മെയ് 31-ന് മുമ്പ് നിർമ്മിച്ച സാങ്കേതികമായി അനുമതി ലഭിക്കാത്ത കെട്ടിടങ്ങൾ നിയമപരമായി ക്രമവൽക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയ പരിധി 30/9/2021 വരെ ദീർഘിപ്പിച്ച കൊണ്ട് 2021-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (അനധികൃത നിർമ്മാണം ക്രമവത്ക്കരണം) 2-ാം ഭേദഗതി ചട്ടങ്ങൾ G.O.(P)No.40/2021/LSGD dated 16/8/2021 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. കാലാവധി വീണ്ടും നീട്ടുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ബി) | 2018 ഡിസംബർ 31 വരെയുള്ള കാലയളവിൽ നിർമ്മിച്ച നമ്പർ കിട്ടാത്ത കെട്ടിടങ്ങളെ കൂടി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി റെഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ബി) | 2018 ഡിസംബർ 31 വരെയുള്ള കാലയളവിൽ നിർമ്മിച്ച കെട്ടിടങ്ങളെ ക്രമവത്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235 എ ബി ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ